**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - 2019-20 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 798/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 03/04/2019**

---

പരാമർശം:- 1. 03/07/2018- തീയതിയിലെ സ.ഉ(പി)നം.100/2018/ഫിൻ

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.02.2019-ലെ 5690/എ/2018/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായി കുടുംബശ്രീയ്ക്ക് 2515-00-800-48-PV എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 183.25 കോടി രൂപയുടെ ഒന്നാം ഗഡുവായി 91.63 കോടി രൂപ അനുവദിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2)-ലെ കത്തു പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)ലെ ഉത്തരവിലെ ഖണ്ഡിക -7 ലെ നിബന്ധനകൾക്കു വിധേയമായി കുടുംബശ്രീയുടെ 2515-00-800-48-PV എന്ന ശീർഷകത്തിൽ നിന്നും 183.25 കോടി രൂപയുടെ 50%ആയ 91.63 കോടി രൂപ (തൊണ്ണൂറ്റിയൊന്ന് കോടി അറുപത്തിമൂന്ന് ലക്ഷം രൂപാ മാത്രം) പിൻവലിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് &ഡിസ്ബേഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

(4) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുക വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ശ്രീകല സി.എസ്**
**ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ജില്ലാട്രഷറി, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(എഫ്.എം)വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**